2026
MARCH
14
SATURDAY

www.societytodaynews.com

# സൊസൈറ്റി ടുഡേ

SOCIETY TODAY e-paper

വയബീൻ
വയനാടൻ ഉൽപ്പന്നങ്ങൾ
Home Delivery
9847 12 9091, 96455 97621

# പാചകവാതക ക്ഷാമം:

## ഉത്പ്പാദനം 28 ശതമാനം വർധിപ്പിച്ചു

**ന്യൂഡൽഹി:** മുൻഗണനാക്രമത്തിലുള്ള വിതരണത്തിലൂടെ പ്രകൃതി വാതക വിതരണം നിയന്ത്രിച്ചു വരികയാണെന്നും എൽപിജി ഉത്പാദനം 28 ശതമാനം വർദ്ധിപ്പിച്ചുവെന്നും കേന്ദ്ര പെട്രോളിയം പ്രകൃതിവാതക മന്ത്രി ഹർദീപ് സിങ് പുരി പാർലമെന്റിനെ അറിയിച്ചു. ഇന്ത്യ മുൻപ്, ഖത്തർ, യുഎഇ, സൗദി അറേബ്യ, കുവൈറ്റ് തുടങ്ങിയ ഗൾഫ് രാജ്യങ്ങളിൽ നിന്നാണ് എൽപിജി ആവശ്യകതയുടെ ഏകദേശം 60 ശതമാനവും ഇറക്കുമതി ചെയ്തിരുന്നത്. 40 ശതമാനം ആഭ്യന്തരമായി ഉത്പാദിപ്പിക്കുകയും ചെയ്തിരുന്നു. നിലവിൽ ഗൾഫ് സ്രോതസ്സുകൾക്ക് പുറമെ യുണൈറ്റഡ് സ്റ്റേറ്റ്സ്, നോർവേ, കാനഡ, അൾജീരിയ, റഷ്യ എന്നിവിടങ്ങളിൽ നിന്നുള്ള ചരക്കുകൾ ഉറപ്പാക്കിക്കൊണ്ട് സംഭരണ ശൃംഖല സജീവമായി വൈവിധ്യവൽക്കരിച്ചിട്ടുണ്ട്. മാർച്ച് 8ന് പുറപ്പെടുവിച്ച എൽപിജി നിയന്ത്രണ ഉത്തരവ് പ്രകാരം, എൽപിജി ഉത്പാദനം പരമാവധി വർദ്ധിപ്പിക്കാനും പ്രൊപ്പെയ്ൻ, ബ്യൂട്ടെയ്ൻ, പ്രൊപ്പിലീൻ, ബ്യൂട്ടീൻസ് എന്നിവ ഉൾപ്പെടുന്ന ഇ3, ഇ4 ഹൈഡ്രോകാർബൺ സ്ട്രീമുകളുടെ മുഴുവൻ ഉത്പാദനവും ഗാർഹിക പാചക വാതകത്തിനായി മൂന്ന് എണ്ണ വിപണന കമ്പനികൾക്ക് മാത്രമായി നൽകാനും എല്ലാ റിഫൈനറികൾക്കും നിർദ്ദേശം നൽകി. ഇതിന്റെ ഫലമായി കഴിഞ്ഞ 5 ദിവസത്തിനുള്ളിൽ റിഫൈനറി എൽപിജി ഉൽപ്പാദനം 28 ശതമാനം വർദ്ധിച്ചിപ്പിച്ചു, കൂടുതൽ സംഭരണത്തിനായുള്ള നടപടികൾ സജീവമായി നടക്കുന്നുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി. ഗാർഹിക വിതരണം പൂർണ്ണമായും സംരക്ഷിക്കും. വിതരണ ക്രമത്തിൽ മാറ്റമില്ല. ഗാർഹിക എൽപിജി സിലിണ്ടറുകൾ ബുക്കിംഗ് മുതൽ ഡെലിവറി വരെയുള്ള സാധാരണ സമയം 2.5 ദിവസമായി തുടരും. ഇത് പ്രതിസന്ധിക്ക് മുമ്പുള്ള മാനദണ്ഡങ്ങളിൽ നിന്ന് മാറ്റമില്ലാത്തതാണ്. ആശുപത്രികൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും തടസമില്ലാത്ത മുൻഗണനാ വിതരണം ഉറപ്പാക്കിയിട്ടുണ്ട്. വിതരണക്കാരുടെ നിലവാരത്തിലും ചില്ലറ വിൽപ്പന തലത്തിലും പൂഴ്ത്തിവെയ്പ്പും പരിഭ്രാന്തി മൂലമുള്ള ബുക്കിംഗും നടക്കുന്നതായി ഫീൽഡ് റിപ്പോർട്ടുകൾ സൂചിപ്പിക്കുന്നു.

ഇത് യഥാർത്ഥ വിതരണ ക്ഷാമം കൊണ്ടല്ല, മറിച്ച് ഉപഭോക്താക്കളുടെ ആശങ്ക മൂലമാണ്. ചിലയിടങ്ങളിലെ അമിത ബുക്കിംഗ് സമ്മർദ്ദം വിതരണത്തിലെ പാളിച്ചയല്ല, മറിച്ച് ഡിമാൻഡിലെ വ്യതിയാനമാണ് പ്രതിഫലിപ്പിക്കുന്നത്. ഡെലിവറി ഓതന്റിക്കേഷൻ കോഡ് വ്യാപ്തി 50 ശതമാനത്തിൽ നിന്ന് 90 ശതമാനമായി ഉയർത്തുകയാണ്. ഈ സംവിധാനത്തിന് കീഴിൽ, ഉപഭോക്താവ് തന്റെ രജിസ്റ്റർ ചെയ്ത മൊബൈലിൽ ലഭിക്കുന്ന വൺ ടൈം കോഡ് വഴി സ്ഥിരീകരിച്ചാൽ മാത്രമേ സിലിണ്ടർ വിതരണം ചെയ്തതായി രേഖപ്പെടുത്താൻ കഴിയൂ. ഇതുവഴി വിതരണത്തിലെ തിരിമറികൾ മറച്ചുവെക്കുന്നത് അസാധ്യമാകും. ഡിമാൻഡ് മാനേജ്മെന്റ് നടപടിയുടെ ഭാഗമായി നഗരപ്രദേശങ്ങളിൽ കുറഞ്ഞത് 25 ദിവസത്തേയും ഗ്രാമീണ പ്രദേശങ്ങളിൽ 45 ദിവസത്തേയും ബുക്കിംഗ് ഇടവേള ഏർപ്പെടുത്തിയിട്ടുണ്ട്. ഒഎംസി ഫീൽഡ് ഓഫീസർമാരും ആന്റി അഡൽട്ടറേഷൻ സെല്ലും വിതരണക്കാരുടെ തലത്തിൽ ഇത് നടപ്പിലാക്കാൻ ഏകോപിതമായി പ്രവർത്തിക്കുന്നു. വാണിജ്യ വിതരണം പൂർണ്ണമായും നിയന്ത്രണമില്ലാതെ വിട്ടിരുന്നെങ്കിൽ, കൗണ്ടറിൽ നിന്ന് വാങ്ങിയ സിലിണ്ടറുകൾ ഗാർഹിക കുടുംബങ്ങളെപ്പോലെ യഥാർത്ഥ വാണിജ്യ ഉപഭോക്താക്കൾക്കും ലഭിക്കാതിരിക്കുകയും കരിഞ്ചന്തയിലേക്ക് മാറ്റപ്പെടുകയും ചെയ്യുമായിരുന്നു. ഇത് തടയുന്നതിനായി ഐഒസിഎൽ, എച്ച്പിസിഎൽ, ബിപിസിഎൽ എന്നിവിടങ്ങളിലെ എക്സിക്യൂട്ടീവ് ഡയറക്ടർമാർ ഉൾപ്പെടുന്ന മൂന്നംഗ കമ്മിറ്റി രൂപീകരിച്ചു. രാജ്യത്തുടനീളമുള്ള സംസ്ഥാന സിവിൽ സപ്ലൈസ് വകുപ്പുകളുമായും റസ്റ്റോറന്റ് അസോസിയേഷനുകളുമായും വിപുലമായ യോഗങ്ങൾ നടന്നിട്ടുണ്ട്. ലഭ്യമായ വാണിജ്യ ഇന്ധനം ആദ്യം യഥാർത്ഥ ഉപയോക്താക്കളിലേക്ക് എത്തുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് പ്രദേശാടിസ്ഥാനത്തിലും മേഖലാടിസ്ഥാനത്തിലുമുള്ള ആവശ്യകത കമ്മിറ്റി വിലയിരുത്തി. പൂഴ്ത്തിവയ്പ്പോ കരിഞ്ചന്തയോ ഉണ്ടാകാതിരിക്കാൻ സംസ്ഥാന ഗവണ്മെന്റുകളുമായി ഏകോപിപ്പിച്ച്, ശരാശരി പ്രതിമാസ വാണിജ്യ എൽപിജി ആവശ്യകതയുടെ 20% എണ്ണവിതരണ കമ്പനികൾ അനുവദിക്കുമെന്നും കേന്ദ്രമന്ത്രി വ്യക്തമാക്കി.



**ഗ്യാസാണ് താരം...........** *പശ്ചിമേഷ്യൻ സംഘർഷം മൂലം പാചകവാതകത്തിന് ക്ഷാമം നേരിടാൻ തുടങ്ങിയതോടെ രാജ്യമെങ്ങും പാചക വാതക വിതരണത്തിന് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുകയാണ്. കൊച്ചിയിൽ ഗ്യാസ് ഏജൻസി ജീവനക്കാരൻ വിതരണത്തിനായി ഗ്യാസ് സിലിണ്ടർ കൊണ്ടുപോകുന്നതിന്റെ ദൃശ്യം.*

*ഫോട്ടോ: എ. എസ് സതീഷ്*

## പാചകവാതക ക്ഷാമം:

# ടൂറിസം, ഹോട്ടൽ മേഖല പ്രതിസന്ധിയിലേക്ക്; അടിയന്തര ഇടപെടൽ വേണമെന്ന് കെടിഎം

**കൊച്ചി:** വാണിജ്യ പാചകവാതക സിലിണ്ടറുകളുടെ ക്ഷാമം മൂലം സംസ്ഥാനത്തെ ടൂറിസം, ഹോട്ടൽ മേഖല വൻ പ്രതിസന്ധിയിലേക്ക് നീങ്ങുകയാണെന്ന് കേരള ട്രാവൽ മാർട്ട് സൊസൈറ്റി മുന്നറിയിപ്പ് നൽകി. സംസ്ഥാനത്തിന്റെ വരുമാനത്തിൽ ഏറ്റവുമധികം സംഭാവന നൽകുന്ന ഈ മേഖലയുടെ പ്രതിസന്ധി പൊതുജനങ്ങളുടെ നിത്യജീവിതത്തിലും പ്രതിഫലിക്കുമെന്ന് കെ.ടി.എം പ്രസിഡന്റ് ജോസ് പ്രദീപ് പറഞ്ഞു. എല്ലാത്തരം വ്യവസായങ്ങളുടെയും കാർബൺ പുറംതള്ളൽ നിശ്ചിത പരിധിയ്ക്കുള്ളിലെത്തിക്കാനുള്ള പാരീസ് ഉടമ്പടിയുടെ പശ്ചാത്തലത്തിൽ പ്രധാനമന്ത്രിയുടെ ആഹ്വാന പ്രകാരം സംസ്ഥാനത്ത് ആദ്യമായി നടപടി കൈക്കൊണ്ടത് കെടിഎം അനുബന്ധ സ്ഥാപനങ്ങളാണെന്ന് ജോസ് പ്രദീപ് പറഞ്ഞു. ഹോട്ടലുകൾ, റിസോർട്ടുകൾ, പഞ്ചനക്ഷത്ര ഹോട്ടലുകൾ തുടങ്ങിയ വ്യവസായമേഖല ഹരിത ഊർജ്ജ ഉപയോഗത്തിലേക്ക് ചുവടുമാറ്റിയിരുന്നു. പാചകവാതകം, സോളാർ ഊർജ്ജം, വൈദ്യുത പാചക ഉപകരണങ്ങൾ എന്നിവിയിലേക്ക് കെടിഎം അംഗത്വമുള്ള വ്യവസായ പങ്കാളികൾ മാറിയിരുന്നു. പുകയടുപ്പുകളുടെ ഉപയോഗം കഴിവതും നിയന്ത്രിക്കണമെന്ന് ആഹ്വാനം ഏതാണ്ട് പൂർണമായും നടപ്പാക്കി വരുന്ന സാഹചര്യത്തിലാണ് ഈ പ്രതിസന്ധിയുണ്ടായതെന്ന് ജോസ് പ്രദീപ് ചൂണ്ടിക്കാട്ടി.

പാചകവാതക പ്രതിസന്ധി സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയെയും പ്രതികൂലമായി ബാധിക്കുമെന്ന് ജോസ് പ്രദീപ് പറഞ്ഞു.

ആയിരക്കണക്കിന് തൊഴിലാളികളാണ് ഈ മേഖലയിൽ ജോലി ചെയ്യുന്നത്. നിലവിൽ ആതിഥേയ വ്യവസായത്തിൽ പലതും പൂട്ടിയിടേണ്ട അവസ്ഥയാണുള്ളത്. മാർച്ചിൽ പരീക്ഷകൾ കഴിയുന്നതോടെ ടൂറിസം സീസൺ വീണ്ടും സജീവമാകുമ്പോൾ ഈ മേഖലയ്ക്ക് വലിയ വരുമാനനഷ്ടമാണുണ്ടാകുന്നതെന്നും അദ്ദേഹം മുന്നറിയിപ്പ് നൽകി.

കേന്ദ്രസംസ്ഥാന സർക്കാരുകൾ നിർദ്ദേശിക്കുന്ന എല്ലാ പരിഷ്കാരങ്ങളും ആദ്യം നടപ്പിൽ വരുത്താൻ ഏറ്റവുമധികം സഹകരിക്കുന്ന മേഖലയാണ് ടൂറിസമെന്ന് കെടിഎം സെക്രട്ടറി എസ് സ്വാമിനാഥൻ പറഞ്ഞു. സംസ്ഥാനത്തിന്റെ ടൂറിസം വരുമാനം സർവകാല റെക്കോർഡിലാണ് ഇന്നുള്ളത്. ഈ മേഖല സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്ക് നൽകുന്ന സംഭാവനകൾ ചെറുതല്ല. സംസ്ഥാനം വലിയ പ്രതീക്ഷയോടെ കണ്ടുവരുന്ന മൈസ്(മീറ്റിംഗ്സ് ഇൻസെന്റീവ്സ്, കോൺഫറൻസ്, എക്സിബിഷൻസ്) ടൂറിസം, ഡെസ്റ്റിനേഷൻ വെഡിംഗ് എന്നിവ അതിന്റെ ഏറ്റവും മികച്ച സീസൺ പ്രതീക്ഷിക്കുന്ന സമയം കൂടിയാണിത്. ഈ സാഹചര്യങ്ങൾ കണക്കിലെടുത്ത് ടൂറിസം, ഹോട്ടൽ വ്യവസായത്തിന് അടിയന്തരമായി സിലിണ്ടറുകൾ ലഭ്യമാക്കാനുള്ള നടപടികൾ എടുക്കണമെന്നും അദ്ദേഹം അപേക്ഷിച്ചു.

ഓൺലൈൻ ഓർഡറുകൾ മുമ്പെങ്ങുമില്ലാത്തവിധം വർധിച്ച കാലമാണിത്. ഹോട്ടലുകൾ അടച്ചിടുന്നതോടെ ഈ മേഖലയിൽ വലിയ തൊഴിൽ നഷ്ടമുണ്ടാകുമെന്ന് മാത്രമല്ല, ഇവരെ ആശ്രയിച്ച് കഴിയുന്ന വലിയ വിഭാഗം വിദ്യാർഥികൾ, ഏകാംഗ താമസക്കാർ തുടങ്ങിയവർ പട്ടിണിയിലാകുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി.

# ഇന്നത്തെ പരിപാടി

## കൊച്ചി

■ **എറണാകുളം ബോട്ടുജെട്ടി ടി കെ രാമകൃഷ്ണൻ കൾച്ചറൽ സെന്റർ :** കേരള സംഗീതനാടക അക്കാദമിയും പി ജെ ആന്റണി ഫൗണ്ടേഷനും ചേർന്ന് നടത്തുന്ന പി ജെ ആന്റണി ജന്മശതാബ്ദി ആഘോഷങ്ങളുടെ സമാപന സമ്മേളനം വൈകിട്ട് 5ന് കേരള സംഗീതനാടക അക്കാദമി സെക്രട്ടറി കരിവെള്ളൂർ മുരളി ഉദ്ഘാടനം ചെയ്യും. പി ജെ ആന്റണി ഫൗണ്ടേഷൻ പ്രസിഡന്റ് ജോൺ ഫെർണാണ്ടസ് അധ്യക്ഷനാകും.

## പെരുമ്പാവൂർ

■ **സെന്റ് ജോർജ് റോമൻ കത്തോലിക്കാ പള്ളി :** ആത്മഭിഷേക കൺവെൻഷൻ വൈകിട്ട് 5ന്.

■ **ചേരാനല്ലൂർ സെന്റ് ഫ്രാൻസിസ് സേവ്യേഴ്സ് പള്ളി:** ഔസേപ്പ് പിതാവിന്റെ കപ്പേളയിൽ ഊട്ടുനേർച്ച തിരുനാൾ വൈകിട്ട് 5.45ന്.

## അങ്കമാലി

■ **അങ്കമാലി ബ്ലോക്ക് പഞ്ചായത്ത് :** തൊഴിൽ മേള രാവിലെ 9ന്.

## കാലടി

■ **കാലടി ഡോ പി. കെ ബാലകൃഷ്ണൻ വസതി :** ഡോ. പി. കെ. ബാലകൃഷ്ണന്റെ നവതിയാഘോഷവും പുസ്തക പ്രകാശനവും വൈകന്നേരം 3ന് ബെന്നി ബെഹനാൻ എംപി ഉദ്ഘാടനം ചെയ്യും.

■ **കൊറ്റമം സെന്റ് ജോസഫ് ദേവാലയം :** നാൽപത് മണി ആരാധന 6.30ന് കുർബാന, ദൈവ വചന ശുശ്രൂഷ, തിരുമണിക്കൂർ ആരാധന. ഫാ. ജിജോ ആര്യ മണ്ണിൽ കാർമ്മികനാകും.

■ **തവളപ്പാറ സെന്റ് ജോസഫ് പള്ളി :** വി. യൗസേപ്പിതാവിന്റെ തിരുനാൾ. വൈകിട്ട് 5ന് നേർച്ച പായസം വെച്ചിരിപ്പ്, പ്രസംഗം, കാഴ്ച സമർപ്പണം, തുടർന്ന് പ്രദിക്ഷണം.

## മൂവാറ്റുപുഴ

■ **വെള്ളൂർക്കുന്നം മഹാദേവ ക്ഷേത്ര മൈതാനം :** ഹിന്ദു ഏകതാ സമ്മേളനം വൈകിട്ട് 4.30. ഹിന്ദു ഐക്യവേദി മുഖ്യരക്ഷാധികാരി കെ.പി ശശികല ടീച്ചർ മുഖ്യപ്രഭാഷണം നടത്തും.

■ **ആവോലി വള്ളിക്കട കളരി പരദേവതാ ക്ഷേത്രം :** പൊങ്കാല, താലപ്പൊലി, പുന:പ്രതിഷ്ഠാദിന മഹോത്സവം രാവിലെ 9 മുതൽ.

■ **കരവട്ടെ ലയൺസ് ക്ലബ് ഹാൾ :** വാളകം ലയൺസ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ശ്രീഭവാനി ഫൗണ്ടേഷൻ കാലടി, അമൃത ഹോസ്പിറ്റലുമായി ചേർന്ന് സൗജന്യ നേത്ര, ദന്ത പരിശോധനാ ക്യാമ്പ് രാവിലെ 9 മുതൽ നടത്തും.

## കോതമംഗലം

■ **കോതമംഗലം മാർ തോമ ചെറിയ പള്ളി :** കോതമംഗലം കൺവെൻഷൻ വൈകിട്ട് 5 മണിക്ക്.

# പാചകവാതക ക്ഷാമം ; വിറക് അടുപ്പിലേക്ക് മാറി സമൃദ്ധി; മെനു കുറച്ചു



*ഗ്യാസ് ക്ഷാമം രൂക്ഷമായതിനെ തുടർന്ന് എറണാകുളം നോർത്തിലെ സമൃദ്ധിയിൽ മേയർ വി കെ മിനിമോൾ വിറക് അടുപ്പ് കത്തിക്കുന്നു.*

**കൊച്ചി:** തുച്ഛമായ തുകയിൽ നൂറ് കണക്കിനാളുകളുടെ വിശപ്പകറ്റുന്ന എറണാകുളം നോർത്തിലെ സമൃദ്ധി പാചകവാതക ക്ഷാമത്തെ തുടർന്നുള്ള പ്രതിസന്ധി മറികടക്കാൻ വിറക് അടുപ്പിലേക്ക് മാറി. പത്ത് ടൺ വിറകാണ് ഇന്നലെ എത്തിച്ചത്. ഇത് നാല് ദിവസത്തേക്ക് മാത്രമേ തികയുകയുള്ളൂ. ചൈനീസ് ഉൾപ്പെടെയുള്ള വിഭവങ്ങൾ തത്കാലത്തേക്ക് നിർത്തിയിട്ടുണ്ട്. ഏഴോളം ചിക്കൻ വിഭവങ്ങൾ വിളമ്പിയിരുന്നത് ഒരെണ്ണമായി കുറച്ചു. ബീഫ് ഇനങ്ങളും ഒരെണ്ണം മാത്രമാക്കി. ഉച്ചയൂണ് മാത്രമാണ് സമൃദ്ധിയിൽ ഇപ്പോൾ വിളമ്പുന്നത്. പൊതിച്ചോറടക്കം നിർത്തി വച്ചിരിക്കുകയാണ്.നഗരത്തിലെ മിക്ക ഹോട്ടലുകളും മെസുകളും അടച്ചതോടെ സമൃദ്ധിയിൽ ഭക്ഷണം കഴിക്കാൻ എത്തുന്നവരുടെ എണ്ണവും വർധിച്ചിട്ടുണ്ട്. വിഭവങ്ങളുടെ എണ്ണം പരമാവധി കുറച്ച് ആവശ്യക്കാർക്ക് ഭക്ഷണം നൽകാനാണ് സമൃദ്ധിക്ക് നിർദേശം ലഭിച്ചിരിക്കുന്നത്. മേയർ വി കെ മിനിമോൾ, ഡെപ്യൂട്ടി മേയർ ദീപക് ജോയ്, സ്ഥിരം സമിതി അധ്യക്ഷൻ ആന്റണി പൈനുതറ, കൗൺസിലർമാരായ എം.ജി അരിസ്റ്റോട്ടിൽ, അഗസ്റ്റിൻ സെബ്യാസ്റ്റ്യൻ (ടൈസൺ) എന്നിവർ സമൃദ്ധി സന്ദർശിച്ചു. ഭക്ഷണ ലഭ്യത ഉറപ്പാക്കുമെന്ന് മേയർ പ്രതികരിച്ചു. ഗ്യാസ് ക്ഷാമം വലിയ പ്രതിസന്ധിയാണ് സൃഷ്ടിച്ചിരിക്കുന്നതെങ്കിലും വിറക് അടുപ്പ് ഉപയോഗിച്ച് പരമാവധി ആൾക്കാർക്ക് ഭക്ഷണം നൽകാൻ നിർദേശം നൽകിയിട്ടുണ്ടെന്നും നഗരത്തിൽ ഭക്ഷണ ലഭ്യത ഉറപ്പാക്കാൻ എല്ലാ മുൻകരുതലും നടപടികളും സ്വീകരിച്ചിട്ടുണ്ടെന്നും മേയർ പറഞ്ഞു. പ്രതിസന്ധി ഒഴിയും വരെ നോർത്തിൽ സമൃദ്ധിയിൽ ഭക്ഷണം തയാറാക്കിയായിരിക്കും മറ്റുള്ള ഔട്ട്ലെറ്റിലേക്ക് എത്തിക്കുക.

# 13 തദ്ദേശസ്ഥാപനങ്ങളുടെ വാർഷിക പദ്ധതികൾക്ക് കൂടി അംഗീകാരം



**കൊച്ചി:** ജില്ലയിലെ 13 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ 2026-27 വർഷത്തെ വാർഷിക പദ്ധതികൾക്ക് കൂടി അംഗീകാരം. ജില്ലാ ആസൂത്രണ സമിതി ചെയർമാനും ജില്ലാ പഞ്ചായത്ത് പ്രസിഡന്റുമായ കെ.ജി രാധാകൃഷ്ണന്റെ അധ്യക്ഷതയിൽ ചേർന്ന അഡ്ഹോക്ക് കമ്മിറ്റി യോഗത്തിലാണ് 13 തദ്ദേശ സ്ഥാപനങ്ങളുടെ ആയിരത്തി എണ്ണൂറോളം പദ്ധതികൾക്ക് അംഗീകാരം നൽകിയത്. ഇതോടെ ജില്ലയിലെ ആകെ 110 തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ വാർഷിക പദ്ധതിക്ക് അംഗീകാരം ലഭിച്ചു. ബ്ലോക്കുതല സാമ്പത്തിക ഉപദേശക സേവനസമിതി രൂപീകരിക്കുന്നതിന് യോഗം നിർദേശം നൽകി. എലൂർ, കുത്താട്ടുകുളം നഗരസഭകളുടെ അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതികളും വിവിധ തദ്ദേശസ്ഥാപനങ്ങളുടെ ഹെൽത്ത് ഗ്രാൻഡ് പദ്ധതികളും യോഗം അംഗീകരിച്ചു. ജില്ലാ ആസൂത്രണ സമിതി ഹാളിൽ ചേർന്ന യോഗത്തിൽ അസിസ്റ്റന്റ് ജില്ലാ പ്ലാനിംഗ് ഓഫീസർ, തദ്ദേശസ്ഥാപനങ്ങളിലെ അധ്യക്ഷർ, സെക്രട്ടറിമാർ, വകുപ്പ് മേധാവികൾ തുടങ്ങിയവർ പങ്കെടുത്തു.

# സൗന്ദര്യ സംരക്ഷണ ചികിൽസയ്ക്ക് യോഗ്യതയില്ലാത്തവരെ സമീപിക്കരുത് : ഐഎഡിവിഎൽ

**കൊച്ചി:** ത്വക്ക്, മുടി ഉൾപ്പെടെ സൗന്ദര്യ സംരക്ഷണവുമായി ബന്ധപ്പെട്ട ചികിത്സയ്ക്ക് ഡെർമറ്റോളജിയിൽ ഔപചാരിക പരിശീലനം ഇല്ലാത്ത ആളുകളിൽ നിന്ന് ചികിത്സാ സഹായം തേടുന്നത് വർധിച്ചുവരുന്നതായി ഇന്ത്യൻ അസോസിയേഷൻ ഓഫ് ഡെർമറ്റോളജിസ്റ്റ്സ്, വെനീരോളജിസ്റ്റ്സ് ആൻഡ് ലെപ്രോളജിസ്റ്റ്സ് (ഐഎഡിവിഎൽ) ഭാരവാഹികൾ വാർത്താ സമ്മേളനത്തിൽ വ്യക്തമാക്കി. ത്വക്ക്, മുടി, നഖം സംബന്ധമായ രോഗങ്ങൾക്ക് ചികിത്സ ആവശ്യമാണെന്നും, അതിനാൽ ലേസർ, ഇൻജക്ഷൻ ചികിത്സകൾ, ഹെയർ ട്രാൻസ്പ്ലാന്റ്, ത്വക്ക് ശസ്ത്രക്രിയകൾ തുടങ്ങിയ സൗന്ദര്യ ചികിത്സകളിൽ പ്രത്യേക പരിശീലനം ലഭിച്ച ഡോക്ടർമാരുടെ മേൽനോട്ടത്തിൽ മാത്രം ചെയ്യേണ്ടതാണെന്നും സംഘാടനാ ഭാരവാഹികളായ കുര്യൈയ്പ്പ്, നവീൻ, വസന്ത്, ഫൈസൽ, ഡേവിഡ് എന്നിവർ വാർത്താ സമ്മേളനത്തിൽ പറഞ്ഞു.




ചികിൽസ ആവശ്യമായി വരുന്നവർ എംഡി ഡെർമറ്റോളജി, ഡിഎൻബി ഡെർമറ്റോളജി, ഡിപ്ലോമ ഇൻ ഡെർമറ്റോളജി പോലുള്ള യോഗ്യതകളും മെഡിക്കൽ കൗൺസിൽ രജിസ്ട്രേഷൻ ഉള്ള ഡോക്ടർമാരെ സമീപിക്കണമെന്നും ഇവർ പറഞ്ഞു. ഐഎഡിവിഎൽ പുറത്തിറക്കിയ ക്യൂ ആർ കോഡ് വഴി ഡോക്ടർമാരുടെ വിവരങ്ങൾ നൽകിയാൽ ഐഎഡിവിഎൽ അംഗമായ ഡോക്ടർമാരാണോ എന്ന് ഉറപ്പുവരുത്തുവാൻ കഴിയുമെന്നും ഇവർ വ്യക്തമാക്കി.

## സംസ്കൃത സർവകലാശാലയിൽ ടാഗോർ ദേശീയ സെമിനാർ 18ന്

**കൊച്ചി:** ശ്രീശങ്കരാചാര്യ സംസ്കൃത സർവകലാശാലയിലെ സെന്റർ ഫോർ രവീന്ദ്രനാഥ് ടാഗോർ സ്റ്റഡീസിന്റെ ആഭിമുഖ്യത്തിൽ മാർച്ച് 18ന് രാവിലെ ഒൻപതിന് കാലടി മുഖ്യ കാമ്പസിലെ ലാംഗ്വേജ് ബ്ലോക്കിൽ ദേശീയ സെമിനാർ സംഘടിപ്പിക്കുന്നു. 'രവീന്ദ്രനാഥ ടാഗോറിന്റെ വിവിധ ലോകങ്ങൾ' എന്നതാണ് ദേശീയ സെമിനാറിന്റെ വിഷയം. വൈസ് ചാൻസലർ പ്രൊഫ. സിസ തോമസ് ദേശീയ സെമിനാർ ഉദ്ഘാടനം ചെയ്യും. രജിസ്ട്രാർ ഡോ. മോത്തി ജോർജ്ജ് അധ്യക്ഷനായിരിക്കും. സിൻഡിക്കേറ്റ് അംഗം പ്രൊഫ. വി. ലിസി മാത്യു മുഖ്യ പ്രഭാഷണം നിർവ്വഹിക്കും. പ്രൊഫ. രാജി ബി. നായർ, പ്രൊഫ. സി. എം. മനോജ്കുമാർ, പ്രൊഫ. സജിത കെ. ആർ, പ്രൊഫ. ആർ. ഡി. സുനിൽ കുമാർ, പ്രൊഫ. മഞ്ജു ഗോപാൽ, ഡോ. ടി. ജി. ജ്യോതിലാൽ, ശ്യാംജിത്ത് കെ. എന്നിവർ പ്രസംഗിക്കും. പ്രൊഫ. അമൃത് സെൻ, പ്രൊഫ. പി. സി. മുരളീ മാധവൻ, പ്രൊഫ. ശ്രീകല എം. നായർ എന്നിവർ വിവിധ വിഷയങ്ങളിൽ പ്രബന്ധങ്ങൾ അവതരിപ്പിക്കും.

# മറൈൻ എക്കോസിറ്റിയുടെ ശിലാസ്ഥാപനം നടന്നു; ഭവനരഹിതരില്ലാത്ത കേരളം ലക്ഷ്യം: മുഖ്യമന്ത്രി പിണറായി വിജയൻ

**കൊച്ചി:** ഭവനരഹിതരില്ലാത്ത കേരളം എന്ന ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡ് പോലുള്ള സ്ഥാപനങ്ങളുടെ കാര്യക്ഷമമായ ഇടപെടൽ അത്യാവശ്യമാണെന്ന് മുഖ്യമന്ത്രി പിണറായി വിജയൻ. ബോർഡിന്റെ പ്രധാന പദ്ധതിയായ മറൈൻ എക്കോസിറ്റിയുടെ ശിലാസ്ഥാപനം ഓൺലൈനായി നിർവഹിച്ച് സംസാരിക്കുകയായിരുന്നു മുഖ്യമന്ത്രി. അര നൂറ്റാണ്ടുകാലത്തെ പ്രവർത്തന പാരമ്പര്യമുള്ള ഹൗസിംഗ് ബോർഡ്, മാറുന്ന കാലഘട്ടത്തിന്റെ ആവശ്യത്തിനനുസരിച്ചുള്ള ഭവന പദ്ധതികൾ ഏറ്റെടുക്കുന്നതിന്റെ ദൃഷ്ടാന്തമാണ് ഇക്കോ സിറ്റി പദ്ധതി. പരിസ്ഥിതിക്ക് കോട്ടം ഏൽപ്പിക്കാതെ തികച്ചും പ്രകൃതിയുടെ അനുഭൂതിയും ഗ്രീൻ പ്രോട്ടോക്കോളും പാലിച്ച് നടപ്പിലാക്കുന്ന പദ്ധതി കൊച്ചിയുടെ ചരിത്രത്തിലെ തിളക്കമാർന്ന അദ്ധ്യായമായിരിക്കും. വ്യവസായം, ഐ.ടി, ഷിപ്പിംഗ്, വിനോദസഞ്ചാരം, വിദ്യാഭ്യാസം, മെഡിക്കൽ ടൂറിസം എന്നിവയ്ക്കായി ഇന്ത്യയിൽ നിന്നും വിദേശത്തു നിന്നും പ്രതിവർഷം ലക്ഷക്കണക്കിന് ആളുകൾ എത്തുന്ന കൊച്ചിയിൽ ഇത്തരം ലോകോത്തര നിലവാരത്തിലുള്ള മെറൈൻ എക്കോസിറ്റി അത്യന്താപേക്ഷിതമാണെന്നും മുഖ്യമന്ത്രി പറഞ്ഞു. കൊച്ചിയിലെ പ്രധാന ഭാഗമായ മറൈൻ ഡ്രൈവിൽ 17.9 ഏക്കറിലാണ് 3394 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്ന പദ്ധതി ഒരുങ്ങുന്നത്. മൂന്ന് ഘട്ടങ്ങളിലായാണ് പദ്ധതിയുടെ നിർമ്മാണം വിഭാവനം ചെയ്തിരിക്കുന്നത്. ആദ്യഘട്ടത്തിൽ 3.16 ഏക്കറിൽ 28 നിലകളുള്ള 9.22 ലക്ഷം ചതുരശ്ര അടി വിസ്തീർണ്ണം വരുന്ന കെട്ടിടസമുച്ചയമാണ് ഒരുങ്ങുന്നത്. ഇതിൽ കൊമേർഷ്യലും റെസിഡൻഷ്യലുമായ ഘടകങ്ങൾ ഉണ്ട്. ആകെ 152 ഫ്ളാറ്റുകൾ ഉൾപ്പെടുന്നു. രണ്ടാംഘട്ടത്തിൽ 2.6 ഏക്കറിൽ 8 നിലകളുള്ള 2.25 ലക്ഷം ചതുരശ്ര അടിവിസ്തീർണ്ണം ഉള്ള ഹോട്ടലും കൺവെൻഷൻ സെന്ററും നിർമ്മിക്കും. മൂന്നാം ഘട്ടത്തിൽ 12.14 ഏക്കറിൽ 30 നിലകളിൽ 6 റെസിഡൻഷ്യൽ ടവറുകളാണ് ഒരുങ്ങുന്നത്. ഇതിലൂടെ 952 ഫ്ളാറ്റുകൾ കൂടി ലഭ്യമാകും. ബോൾഗാട്ടി കെ.ടി.ഡി.സി കൺവെൻഷൻ സെന്ററിൽ നടന്ന ചടങ്ങിൽ റവന്യൂ വകുപ്പ് മന്ത്രി കെ രാജൻ അധ്യക്ഷനായി. രാജ്യസഭാംഗം പി. പി സുനീർ, ടി. ജെ വിനോദ് എം.എൽ.എ, ജില്ലാ കളക്ടർ ജി. പ്രിയങ്ക, ഹൗസിംഗ് കമ്മീഷണർ ആൻഡ് കെ. എസ്. എച്ച്. ബി സെക്രട്ടറി എ. ഗീത, കെ.എസ്.എച്ച്.ബി ചെയർപേഴ്സൺ ടി.വി ബാലൻ, ബോർഡ് മെമ്പർ സുഭാഷ് പുഞ്ചക്കോട്ടിൽ, ബോർഡ് അംഗങ്ങൾ, ജനപ്രതിനിധികൾ തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

## കൊച്ചിനഗരസഭയുടെ പുതിയ ഓഫിസ് പൂർണമായി പ്രവർത്തനസജ്ജമായി

**കൊച്ചി:** നഗരസഭയുടെ പുതിയ ഓഫിസ് പൂർണമായി പ്രവർത്തനസജ്ജമായി. മേയറുടെ അൻപത് ദിന കർമ്മ പദ്ധതിയുടെ ഭാഗമായി നഗരസഭാ ഓഫീസ് പൂർണ്ണ പ്രവർത്തന സജ്ജമാക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ ഭാഗമായി നഗരസഭാ ഓഫിസിലെ സിറ്റിസൺ ഫെസിലിറ്റേഷൻ സെന്റർ, ഏകജാലക സംവിധാനം, ബയോമെട്രിക് പഞ്ചിങ്ങ് സംവിധാനം, മൊബൈൽ ഫുഡ് ലാബ്, മീഡിയ സെന്റർ എന്നിവയുടെ ഉദ്ഘാടനം ടി. ജെ വിനോദ് എം. എൽ. എ നിർവഹിച്ചു.

മേയർ വി. കെ മിനിമോൾ അധ്യക്ഷത വഹിച്ചു. ഡെപ്യൂട്ടി മേയർ ദീപക് ജോയ്, സ്ഥിരം സമിതി അധ്യക്ഷന്മാരായ ആന്റണി പൈനുതറ, സീന ടീച്ചർ, ടി. കെ അഷ്റഫ്, ഷാകൃത സുരേഷ് ബാബു, അഡ്വ. പി. എം നസീമ, കെ. എ മനാഫ്, ജിസ്മി ജെറാൾഡ്, കൗൺസിലർമാർ, ഉദ്യോഗസ്ഥർ, തുടങ്ങിയവർ പങ്കെടുത്തു.



## കെ.പി.എം.എസ് സംസ്ഥാന സമ്മേളനത്തിന് നാളെ തുടക്കം

**കൊച്ചി:** കെ. പി.എം.എസ് 55മത് സംസ്ഥാന സമ്മേളനം നാളെ മുതൽ 17 വരെ കൊച്ചിയിൽ നടക്കും. നാളെ വൈകിട്ട് 5:30 ന് മറൈൻ ഡ്രൈവിൽ ചേരുന്ന പൊതുസമ്മേളനം മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം ചെയ്യും. കെ.പി.എം.എസ് പ്രസിഡന്റ് പി.എ .അജയഘോഷ് അധ്യക്ഷത വഹിക്കും. എ.ഐ.സി.സി ജനറൽ സെക്രട്ടറി കെ.സി വേണുഗോപാൽ മുഖ്യാതിഥി ആയിരിക്കും. റവന്യൂ വകുപ്പ് മന്ത്രി കെ.രാജൻ, ബി.ജെ.പി മുൻ സംസ്ഥാന പ്രസിഡന്റ് കെ.സുരേന്ദ്രൻ, ടി.ജെ.വിനോദ് എം.എൽ.എ തുടങ്ങിയവർ സംസാരിക്കും. 16 ന് രാവിലെ എറണാകുളം ടൗൺ ഹാളിൽ 10ന് വർക്കിംഗ് പ്രസിഡന്റ് ഡോ.ആർ.വിജയകുമാർ പതാക ഉയർത്തും. 10.30 ന് ചേരുന്ന പ്രതിനിധി സമ്മേളനം കെ.പി. എം.എസ് ജനറൽ സെക്രട്ടറി പുന്നല ശ്രീകുമാർ ഉദ്ഘാടനം ചെയ്യും. പ്രസിഡന്റ് പി.എ .അജയഘോഷ് അധ്യക്ഷത വഹിക്കും. വൈകിട്ട് 5 മണിക്ക് ടൗൺ ഹാൾ അങ്കണത്തിൽ നടക്കുന്ന സാംസ്കാരിക സമ്മേളനം പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ ഉദ്ഘാടനം ചെയ്യും. കെ.പി.എം.എസ്സിന്റെ പുതിയ സംരംഭമായ പഞ്ചമി ക്രിയേഷൻസിന്റെ പ്രഖ്യാപനവും, ലോഗോ പ്രകാശനവും നടക്കും. കൊച്ചി മേയർ വി.കെ.മിനിമോൾ മുഖ്യാതിഥിയായിരിക്കും. എഴുത്തുകാരി ഡോ.പി.എസ് .ശ്രീകല, ചലച്ചിത്ര നിർമ്മാതാവ് ആന്റോ ജോസഫ് തുടങ്ങിയവർ സംസാരിക്കും. ഏഴു മണി മുതൽ സർഗ്ഗസന്ധ്യ. 17 രാവിലെ 9.30 മുതൽ പൊതു ചർച്ച ആരംഭിക്കും. 11 മണിക്ക് ചേരുന്ന സുഹൃദ് സമ്മേളനം മന്ത്രി.പി.രാജീവ് ഉദ്ഘാടനം ചെയ്യും. കെ.പി.എം.എസ് ഖജാൻജി അഡ്വ.എ.സനീഷ്കുമാർ അധ്യക്ഷത വഹിക്കും. ഡെപ്യൂട്ടി സ്പീക്കർ ചിറ്റയം ഗോപകുമാർ, കൊടിക്കുന്നിൽ സുരേഷ് എം.പി, എൻ.ഡി.എ വൈസ് ചെയർമാൻ എ.എൻ.രാധാകൃഷ്ണൻ തുടങ്ങിയവർ സംസാരിക്കും. ചടങ്ങിൽ സിവിൽ സർവീസ് റാങ്ക് ജേതാവ് കുമാരി ദിവ്യ.എസ്സിനെ അനുമോദിക്കും. തുടർന്ന് പൊതു ചർച്ച തുടർച്ച, മറുപടി അംഗീകാരം. 4 മണിക്ക് കെ.പി.എം.എസ് സംസ്ഥാന വൈസ് പ്രസിഡന്റ് എം.ടി. മോഹനൻ പ്രമേയങ്ങൾ അവതരിപ്പിക്കും. 5 മണിക്ക് പുതിയ ഭരണസമിതിയുടെ തെരഞ്ഞെടുപ്പ് നടക്കും. സംസ്ഥാനത്തെ 109 യൂണിയനുകളിൽ നിന്നുമായി 878 പ്രതിനിധികൾ സമ്മേളനത്തിൽ പങ്കെടുക്കും.

## റെയിൽവേ ജീവനക്കാർക്ക് ജീവൻ രക്ഷാ പരിശീലനം ഇന്ന്

**കൊച്ചി:** റോട്ടറി ക്ലബ് ഓഫ് കൊച്ചിൻ ഹെറിറ്റേജ് കൊച്ചി അമൃത ആശുപത്രിയുമായി സഹകരിച്ച് എറണാകുളം ജംഗ്ഷൻ റെയിൽവേ സ്റ്റേഷനിലെ റെയിൽവേ ജീവനക്കാർക്കായി അടിസ്ഥാന ജീവൻ രക്ഷാ പരിശീലനം സംഘടിപ്പിക്കുന്നു. ഇന്ന് രാവിലെ 10 മുതലാണ് പരിശീലനം നൽകുന്നത്. കേരളത്തിലെ ഏറ്റവും തിരക്കേറിയ റെയിൽവേ സ്റ്റേഷനുകളിലൊന്നായ എറണാകുളം ജംഗ്ഷനിൽ ഉണ്ടാകാവുന്ന മെഡിക്കൽ അടിയന്തര സാഹചര്യങ്ങളിൽ ജീവനുകൾ രക്ഷിക്കാനാവശ്യമായ അടിയന്തര പ്രതികരണ കഴിവുകൾ മുൻനിര റെയിൽവേ ജീവനക്കാർക്ക് നൽകുകയാണ് പരിപാടിയുടെ ലക്ഷ്യം. കൊച്ചി അമൃത ആശുപത്രിയിലെ പാരാമെഡിക്കൽ വിദഗ്ധരുടെ സംഘം കാർഡിയോപൾമണറി റിസസിറ്റേഷൻ (സി.പി. ആർ), ശ്വാസം മുട്ടൽ അടിയന്തരാവസ്ഥകളുടെ കൈകാര്യം, ഓട്ടോമേറ്റഡ് എക്സ്റ്റേണൽ ഡിഫിബ്രിലേറ്ററുകൾ (എ ഇ ഡി) ശരിയായി ഉപയോഗിക്കുന്ന വിധം എന്നിവയിൽ പ്രായോഗിക പരിശീലനം നൽകും. 30ഓളം റെയിൽവേ ജീവനക്കാർ പരിശീലനത്തിൽ പങ്കെടുക്കും.

## വാർത്തകൾ വിതരണം ചെയ്യപ്പെടുന്നത് എക്കോ ചേമ്പറുകൾ സൃഷ്ടിച്ചു കൊണ്ട്: ഡോ.സജി ഗോപിനാഥ്

**കൊച്ചി:** സമകാലിക സമൂഹത്തിൽ വാർത്തകളും അതിന്റെ വിതരണവും വ്യക്തികേന്ദ്രീകൃതമായ അൽഗോരിതങ്ങൾക്കും എക്കോ ചേമ്പറുകൾക്കും അനുസരിച്ചാണ് കൈകാര്യം ചെയ്യപ്പെടുന്നതെന്ന് ഡിജിറ്റൽ യൂണിവേഴ്സിറ്റി വൈസ് ചാൻസലർ ഡോ. സജി ഗോപിനാഥ്. കേരള മീഡിയ അക്കാദമി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കമ്മ്യൂണിക്കേഷൻ 2024– 25 ബാച്ചിന്റെ ബിരുദ സമർപ്പണ സമ്മേളനം ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം. ഓരോ വ്യക്തിയും അവർക്ക് താൽപ്പര്യമുള്ള വാർത്തകളുടെ ലോകത്ത് മാത്രം കഴിയേണ്ടി വരുന്ന അവസ്ഥയാണ് ഇന്നുള്ളതെന്നും അദ്ദേഹം വ്യക്തമാക്കി. അക്കാദമി ചെയർമാൻ ആർ.എസ്. ബാബു അധ്യക്ഷത വഹിച്ച ചടങ്ങിൽ 'സമകാലീന മാധ്യമങ്ങളും നവോത്ഥാന മൂല്യങ്ങളും' എന്ന വിഷയത്തിൽ എഴുത്തുകാരനും പ്രഭാഷകനുമായ സുനിൽ പി. ഇളയിടം മുഖ്യപ്രഭാഷണം നടത്തി. ആധുനികതയുടെ വലിയ മൂല്യങ്ങളെയാണ് ഒരു കാലത്ത് കേരളത്തിലെ പത്രങ്ങൾ കൈക്കൊണ്ടതെന്നും, കേരളീയരുടെ സാമൂഹ്യബോധത്തെ ആധുനികവത്കരിക്കുന്നതിൽ മാധ്യമ മണ്ഡലത്തിന് വലിയ പങ്കുണ്ടെന്നും അദ്ദേഹം ഓർമിപ്പിച്ചു.

ചടങ്ങിൽ വെച്ച് അക്കാദമിയുടെ 202425 ബാച്ചിലെ റാങ്ക് ജേതാക്കൾ, ബെസ്റ്റ് ഓൾ റൗണ്ടർ വിദ്യാർത്ഥികൾ, എഫക്റ്റീവ് റൈറ്റിങ് ജേതാക്കൾ എന്നിവർക്കുള്ള ക്യാഷ്പ്രൈസും മറ്റ് വിദ്യാർത്ഥികൾക്കുള്ള സർട്ടിഫിക്കറ്റ് വിതരണവും ഡോ. സജി ഗോപിനാഥ് നിർവഹിച്ചു. മീഡിയ അക്കാദമി ഡയറക്ടർ സി.എൽ. തോമസ്, അക്കാദമി സെക്രട്ടറി അരുൺ എസ്., അധ്യാപിക വിനീത വി.ജെ. തുടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു




## അപേക്ഷ ക്ഷണിച്ചു

**കൊച്ചി:** ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹ്യൂമൻ റിസോഴ്സസ് ഡെവലപ്മെന്റിന്റെ കീഴിൽ എറണാകുളം ജില്ലയിൽ കലൂരിലും, കപ്രശ്ശേരിയിലും, മലപ്പുറം ജില്ലയിൽ വാഴക്കാട്, വട്ടംകുളം, പെരിന്തൽമണ്ണ എന്നിവിടങ്ങളിലും കോട്ടയം ജില്ലയിൽ പുതുപ്പള്ളിയിലും, ഇടുക്കി ജില്ലയിൽ മുട്ടം, തൊടുപുഴ എന്നിവിടങ്ങളിലും, പത്തനംതിട്ട ജില്ലയിൽ മല്ലപ്പള്ളിയിലും പ്രവർത്തിക്കുന്ന ടെക്നിക്കൽ ഹയർ സെക്കന്ററി സ്കൂളുകളിൽ 2026– 27 അദ്ധ്യയന വർഷത്തിൽ എട്ടാം സ്റ്റാന്റേർഡ് പ്രവേശനത്തിന് അർഹരായവരിൽ നിന്നും ഓൺലൈൻ അപേക്ഷ ക്ഷണിച്ചു.

അപേക്ഷകർ 2026 ജനുവരി ഒന്നിന് 16 വയസ്സ് തികയാത്തവരായിരിക്കണം. ഏഴാം സ്റ്റാന്റേർഡോ തത്തുല്യ പരീക്ഷയോ പാസ്സായവർക്കും പരീക്ഷാ ഫലം കാത്തിരിക്കുന്നവർക്കും അപേക്ഷിക്കാവുന്നതാണ്. അപേക്ഷകൾ സ്കൂളിൽ നേരിട്ട് ഏപ്രിൽ 16 വൈകിട്ട് 4 വരെയും ihrd.kerala.gov.inths എന്ന വെബ് സൈറ്റ് മുഖേന ഓൺലൈനായി ഏപ്രിൽ 15 വൈകിട്ട് 4 വരെയും സമർപ്പിക്കാവുന്നതാണ്.

സൊസൈറ്റി ടുഡേ
SOCIETY TODAY

# ആസ്റ്റർ– ക്വാളിറ്റി കെയർ ഇന്ത്യ ലയനം: ഓഹരി ഉടമകളുടെ അംഗീകാരം ലഭിച്ചു

**കൊച്ചി:** ക്വാളിറ്റി കെയർ ഇന്ത്യയുമായി (ക്യൂസിഐഎൽ) സംയോജിക്കാനുള്ള പദ്ധതി നിർദ്ദേശത്തിന് ഓഹരി ഉടമകളിൽ നിന്ന് 96.68 ശതമാനം അനുകൂല പ്രതികരണം ലഭിച്ചതായി ആസ്റ്റർ ഡിഎം ഹെൽത്ത് കെയർ അധികൃതർ അറിയിച്ചു. ചെറുകിട ഓഹരി ഉടമകളും വായ്പാദാതാക്കളും ഗണ്യമായ രീതിയിൽ ഇതിനെ പിന്തുണച്ചു വോട്ടു ചെയ്യുകയായിരുന്നു. ലയനത്തിന് മുന്നോടിയായുള്ള ഓഹരി കൈമാറ്റത്തിന് കമ്പനിയുടെ ഓഹരി ഉടമകളിൽ നിന്ന് ലഭിച്ച പിന്തുണയെത്തുടർന്നാണ് ഈ അംഗീകാരം. നിർദ്ദിഷ്ട മാനദണ്ഡങ്ങൾ അനുസരിച്ച് ദേശീയ കമ്പനി നിയമ ട്രിബ്യൂണൽ അടക്കമുള്ള അംഗീകാരങ്ങൾ ലഭിച്ച ശേഷം അടുത്ത ത്രൈമാസത്തിൽ ലയനം പൂർത്തിയാക്കും. ഈ ലയനത്തിന്റെ തന്ത്രപരമായ യുക്തിയിലും അതിലൂടെ ലഭിക്കുന്ന ദീർഘകാല മൂല്യത്തിലും തങ്ങളുടെ ഓഹരി ഉടമകൾക്കുള്ള ശക്തമായ വിശ്വാസമാണ് ഈ പിന്തുണ ചൂണ്ടിക്കാണിക്കുന്നതെന്ന് ആസ്റ്റർ ഡിഎം ഹെൽത്ത്കെയർ സ്ഥാപക ചെയർമാൻ ഡോ. ആസാദ് മൂപ്പൻ പറഞ്ഞു.

ആസ്റ്റർ ഡിഎം ഹെൽത്ത്കെയറും ക്വാളിറ്റി കെയർ ഇന്ത്യയും ചേർന്ന് ഭാവിയിലേക്ക് തയ്യാറായ ആരോഗ്യ സംവിധാനമാകും തങ്ങൾ ലഭ്യമാക്കുക. ചികിത്സാപരമായ മികവ്, പ്രവർത്തനക്ഷമത, ഭരണനിർവ്വഹണ സംവിധാനം എന്നിവയുമായി രാജ്യത്തെ ദശലക്ഷക്കണക്കിനു പേർക്ക് ചികിൽസ നൽകാൻ ഇതിലൂടെ കഴിയും. രോഗീകേന്ദ്രീകൃത പരിചരണത്തിലെ ആസ്റ്ററിന്റെ പാരമ്പര്യവും സ്ഥാപനത്തിന്റെ ശക്തിയും വികസന വൈദഗ്ദ്ധ്യവും ഈ പങ്കാളിത്തത്തിനു പിന്തുണയേകും. അതീവ ഗുണമേൻമയുള്ള ആരോഗ്യ പരിചരണം ലഭ്യമാക്കാനും ക്ലിനിക്കൽ മികവുകൾക്കും പുതുമകൾക്കും വേണ്ടി നിക്ഷേപം നടത്താനും ഇന്ത്യയിലെ മുൻനിര സംയോജിത ആരോഗ്യ പരിചരണ ശൃംഖലകളിലൊന്ന് കെട്ടിപ്പടുക്കാനും സംയോജിതമായി സാധിക്കുമെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ലയനം പൂർത്തിയാകുമ്പോൾ ഇത് ഇന്ത്യയിലെ ഏറ്റവും വലിയ മൂന്നു ആശുപത്രി ശൃംഖലകളിൽ ഒന്നായി മാറും. ഒൻപതു സംസ്ഥാനങ്ങളിലും 28 നഗരങ്ങളിലും അതിന് സാന്നിധ്യവുമുണ്ടാകും. ലയനത്തിനു ശേഷം 39 ആശുപത്രികളും 10,625 ലധികം കിടക്കകളും ആയിരിക്കും ഉണ്ടാകുക. കാസർകോട് ആസ്റ്ററിന്റെ 263 കിടക്കകളുള്ള ആശുപത്രിക്ക് 2025 ഒക്ടോബറിൽ തുടക്കം കുറച്ചിരുന്നു. ഇതിനു പുറമെ തിരുവനന്തപുരത്തെ 454 കിടക്കകളുള്ള പുതിയ ആസ്റ്റർ ക്യാപിറ്റൽ ആശുപത്രിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. കൊച്ചിയിലെ ആസ്റ്റർ മെഡ്സിറ്റി 100 അധിക കിടക്കകളുമായി വിപുലീകരിക്കും. ഹൈദരാബാദിൽ 300 കിടക്കകളുള്ള വനിതകളുടേയും കുട്ടികളുടേയും ആശുപത്രി, ഒങ്കോളിലെ ആസ്റ്റർ രമേഷ് ആശുപത്രിയിലെ 75 കിടക്കകളുടെ വർധനവുമായുള്ള വിപുലീകരണം തുടങ്ങിയവയും നടന്നു വരികയാണ്.

# സിഐഐ കേരള: ഭാരവാഹികളെ തിരഞ്ഞെടുത്തു


ജോസഫ് മൈക്കിൽ കള്ളിവയലിൽ


സന്തോഷ് കുമാർ

**കൊച്ചി:** കോൺഫെഡറേഷൻ ഓഫ് ഇന്ത്യൻ ഇൻഡസ്ട്രീസ് (സിഐഐ) കേരളയുടെ 2026–2027 കാലയളവിലേക്കുള്ള പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു. സിഐഐ കേരളയുടെ ചെയർമാനായി ഗ്ലെന്റോക്ക് റബ്ബർ പ്രോഡക്ട്സ് പ്രൈവറ്റ് ലിമിറ്റഡിന്റെ മാനേജിംഗ് ഡയറക്ടർ ജോസഫ് മൈക്കിൽ കള്ളിവയലിനെയും വൈസ് ചെയർമാനായി ഹാരിസൺസ് മലയാളം ലിമിറ്റഡിന്റെ (ആർപിഎസ്ജി) ചീഫ് എക്സിക്യൂട്ടീവ് ഓഫീസറും ഡയറക്ടറുമായ സന്തോഷ് കുമാറിനെയും തിരഞ്ഞെടുത്തു. കേരളത്തിൽ കൂടുതൽ സാമ്പത്തിക വളർച്ച, വ്യവസായ സഹകരണം, സുസ്ഥിരമായ വികസനം എന്നിവ പ്രോത്സാഹിപ്പിക്കുകയാണ് പുതുതായി തിരഞ്ഞെടുക്കപ്പെട്ട നേതൃത്വത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ.

# ‘ക്വീൻ ഓഫ് അറേബ്യൻ സീ’ ചാമ്പ്യൻഷിപ്പ് ഇന്നും നാളെയും



**കൊച്ചി:** കായികപ്രേമികൾക്കിടയിൽ തരംഗമായി മാറുന്ന പിക്കിൾബോളിന്റെ ആവേശം നുകരാൻ കൊച്ചി ഒരുങ്ങുന്നു. ‘ക്വീൻ ഓഫ് അറേബ്യൻ സീ’ പിക്കിൾബോൾ ചാമ്പ്യൻഷിപ്പ് ഇന്നും നാളെയും കൊച്ചിയിൽ നടക്കും. കേരളത്തിലെ ആദ്യത്തെ ഏഴ് ഇൻഡോർ കോർട്ട് സൗകര്യമുള്ള റാലി ലാബ്സിലാണ് ഈ വമ്പൻ ടൂർണമെന്റ് അരങ്ങേറുന്നത്.

ബാഡ്മിന്റൺ, ടെന്നീസ്, ടേബിൾ ടെന്നീസ് എന്നിവയുടെ മികച്ച വശങ്ങൾ കോർത്തിണക്കിയ പിക്കിൾബോൾ ഇന്ന് ലോകത്തിലെ ഏറ്റവും വേഗത്തിൽ വളരുന്ന കായിക വിനോദങ്ങളിലൊന്നാണ്. ലളിതമായ നിയമങ്ങളും പരിക്കേൽക്കാനുള്ള സാധ്യത കുറവായതും കാരണം എല്ലാ പ്രായക്കാർക്കും ഒരുപോലെ വഴങ്ങുന്നതാണ് ഈ കളി. ‘പിക്കിൾബോൾ ആരോഗ്യത്തിനും ക്ഷേമത്തിനും’ എന്ന ലക്ഷ്യത്തോടെ ‘പിക്ക്ലേഴ്സ് ഹബ്ബ്’ ആണ് ഈ കായിക മാമാങ്കം സംഘടിപ്പിക്കുന്നത്. ഏത് പ്രായത്തിലുള്ളവർക്കും ഏത് നിലവാരത്തിലുള്ള കായിക താരങ്ങൾക്കും ഒരുപോലെ കളിക്കാനാകുമെന്നതാണ് ഇതിന്റെ പ്രത്യേകത. ഹൃദയാരോഗ്യത്തിനും മികച്ച സൗഹൃദങ്ങൾ കെട്ടിപ്പടുക്കാനും ഈ വിനോദം ഏറെ സഹായിക്കുന്നു.

ചുരുങ്ങിയ കാലം കൊണ്ട് തന്നെ പുതിയ തലമുറയുടെ ഹരമായി പിക്കിൾബോൾ മാറിക്കഴിഞ്ഞു. അത്യാധുനിക സൗകര്യങ്ങളുള്ള റാലി ലാബ്സിലെ സിന്തറ്റിക് കോർട്ടുകളിലാണ് മത്സരങ്ങൾ നടക്കുന്നത്. തുടക്കക്കാർക്കായി പിക്ക്ലേഴ്സ് ഹബ്ബ് പ്രത്യേക പരിശീലന പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. ഇതിന്റെ കൂടുതൽ വിവരങ്ങൾ ഉടൻ ലഭ്യമാകുമെന്ന് സംഘാടകർ അറിയിച്ചു. കൂടുതൽ വിവരങ്ങൾക്കായി 9061095087 എന്ന നമ്പറിൽ ബന്ധപ്പെടുക.

# ആഡംബര വാഹന വിപണിയിൽ പുതിയ ചരിത്രം കുറിച്ച് വർഗീസ് ജോസ് ആലൂക്കാസ്



**കൊച്ചി:** എംജി സെലക്ട് അവതരിപ്പിച്ച അത്യാധുനിക മോഡലുകളായ സൈബർസ്റ്റർ, എം9 എന്നിവ ഒരേസമയം സ്വന്തമാക്കുന്ന സംസ്ഥാനത്തെ ആദ്യ ഉപഭോക്താവായി സംരംഭകനും ജ്വല്ലറി ഗ്രൂപ്പ് സാരഥിയുമായ വർഗീസ് ജോസ് ആലൂക്കാസ്. കൊച്ചിയിലെ എംജി സെലക്ട് കോസ്റ്റൽ വിപണന കേന്ദ്രം മുഖേനയാണ് ഈ വാഹനങ്ങൾ അദ്ദേഹത്തിന് ലഭ്യമാക്കിയത്. കേരളത്തിലെ തങ്ങളുടെ വളർച്ചയ്ക്ക് ഒരു പ്രമുഖ വ്യക്തിത്വത്തെ തന്നെ ആദ്യ ഉപഭോക്താവായി ലഭിച്ചത് ആത്മവിശ്വാസം നൽകുന്നതോടൊപ്പം വിപണിയിൽ ബ്രാൻഡിന്റെ സ്വാധീനം ശക്തമാക്കുമെന്നും എംജി സെലക്ട് അധികൃതർ അറിയിച്ചു.

# കെ.എം.എ മാനേജ്മെന്റ് വാരാഘോഷത്തിന് സമാപനം



**കൊച്ചി:** കേരള മാനേജ്മെന്റ് അസോസിയേഷൻ മാനേജ്മെന്റ് വാരാഘോഷം 2026 സമാപിച്ചു. താജ് വിവാന്ത കൊച്ചിയിൽ സമാപനത്തിന്റെ ഭാഗമായി കെ എം എ വിമൻ ലീഡർഷിപ്പ് കോൺക്ലേവ് അരങ്ങേറി. ഈ വർഷത്തെ അന്താരാഷ്ട്ര വനിതാ ദിന പ്രമേയമായ ‘നേടുവാൻ നൽകുക’ എന്ന പ്രമേയത്തിലായിരുന്നു കെ എം എ വിമൻ ലീഡർഷിപ്പ് കോൺക്ലേവ് അരങ്ങേറിയത്. മനോരമ ഓൺലൈൻ സി ഇ ഒ മറിയം മാമ്മൻ മാത്യു കോൺക്ലേവ് ഉദ്ഘാടനം ചെയ്തു. നിയോ ഫിലിം സ്കൂൾ സ്ഥാപകനും ചെയർമാനുമായ ഡോ. ജെയിൻ ജോസഫ് മുഖ്യപ്രഭാഷണം നടത്തി. ചലച്ചിത്ര താരവും താരസംഘടനയായ അമ്മയുടെ സെക്രട്ടറിയുമായ കുക്കു പരമേശ്വരൻ വിശിഷ്ടാതിഥിയായിരുന്നു. അവസരം ലഭിക്കുമ്പോൾ അത് പിടിച്ചെടുക്കാൻ തയ്യാറാവുകയും ആരെങ്കിലും ക്ഷണിക്കാൻ കാത്തിരിക്കാതെ അവിടെ ഉണ്ടാകേണ്ടവരാണെന്ന ആത്മവിശ്വാസത്തോടെ മുന്നോട്ട് നടക്കുകയും വേണമെന്ന് ഉദ്ഘാടന പ്രസംഗത്തിൽ മറിയം മാമ്മൻ മാത്യു പറഞ്ഞു. ആഗ്രഹങ്ങളും ലക്ഷ്യങ്ങളും ചെറുതാക്കാതിരിക്കുകയും ഓരോ നിമിഷത്തെയും പുതുക്കി രൂപപ്പെടുത്തുകയും അവസരം കിട്ടുമ്പോൾ തയ്യാറായി അതിനെ ഏറ്റവും മികച്ച രീതിയിൽ നിറവേറ്റുകയും വേണമെന്ന് അവർ ആവശ്യപ്പെട്ടു. ഏതു രംഗത്തായാലും ഏറ്റവും വലിയ നിക്ഷേപം സമയവും പരിശ്രമവുമാണെന്ന് നിയോ ഫിലിം സ്കൂൾ സ്ഥാപകനും ചെയർമാനുമായ ഡോ. ജെയിൻ ജോസഫ് മുഖ്യപ്രഭാഷണത്തിൽ പറഞ്ഞു. നിക്ഷേപമെന്നത് ബിസിനസിൽ മാത്രമല്ല സ്വന്തം വളർച്ചയിലും മറ്റുള്ളവരിലും സമൂഹത്തിലുമെല്ലാം ഇത്തരത്തിൽ നിക്ഷേപിക്കുമ്പോൾ അതിന്റെ ഫലം ഒരിക്കൽ സമൃദ്ധിയായി തിരികെ വരുമെന്നും പ്രസ്തുത സമൃദ്ധി നിങ്ങളെയും നിങ്ങളുടെ കുടുംബത്തെയും സമൃദ്ധമായ സമൂഹത്തെയും സംരക്ഷിക്കാൻ സഹായിക്കുമെന്നും അദ്ദേഹം പറഞ്ഞു. ഉദ്ഘാടന ചടങ്ങിൽ കെ എം എ പ്രസിഡന്റ് കെ ഹരികുമാർ അധ്യക്ഷത വഹിച്ചു. മാനേജ്മെന്റ് വീക്ക് ചെയർമാൻ ഡോ. അനിൽ ജോസഫ്, വിമൻ മാനേജ്മെന്റ് ഫോറം ചെയർപേഴ്സൻ മീന തോമസ്, ഹോണററി സെക്രട്ടറി അനിൽ വർമ തുടങ്ങിയവർ പ്രസംഗിച്ചു.

# ലയൺസ് കേരള കോളേജ് പ്രീമിയർ ലീഗ്: നാട്ടിക ശ്രീനാരായണ കോളേജിനും കൊച്ചി കുസാറ്റിനും വിജയം

**അങ്കമാലി:** ലയൺസ് കേരള കോളേജ് പ്രീമിയർ ലീഗ് ട്വന്റി 20 ചാമ്പ്യൻഷിപ്പിന്റെ മധ്യ മേഖല മത്സരങ്ങളിൽ നാട്ടിക ശ്രീനാരായണ കോളേജും കൊച്ചി കുസാറ്റും വിജയിച്ചു. ശ്രീനാരായണ കോളേജ് 41 റൺസിന് കറുകുറ്റി എസ്.സി.എം.എസ് കോളേജിനെയാണ് തോൽപ്പിച്ചത്. കൊച്ചി കുസാറ്റ് 149 റൺസിന് പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിനെയും തോൽപ്പിച്ചു.

എസ്.സി.എം.എസിനെതിരെ ആദ്യം ബാറ്റ് ചെയ്ത ശ്രീനാരായണ കോളേജ് 20 ഓവറിൽ രണ്ട് വിക്കറ്റ് നഷ്ടത്തിൽ 194 റൺസെടുത്തു. മറ്റൊരു മത്സരത്തിൽ പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിനെതിരെ കൊച്ചി കുസാറ്റ് 149 റൺസിന്റെ കൂറ്റൻ വിജയമാണ് നേടിയത്. ആദ്യം ബാറ്റ് ചെയ്ത കുസാറ്റ് ആറ് വിക്കറ്റ് നഷ്ടത്തിൽ 200 റൺസെടുത്തു. മറുപടി ബാറ്റിങ്ങിന് ഇറങ്ങിയ കാതോലിക്കേറ്റ് കോളേജ് 12.3 ഓവറിൽ 51 റൺസിന് ഓൾ ഔട്ടായി.

സൊസൈറ്റി ടുഡേ SOCIETY TODAY

# ഗൾഫിലേക്ക് കൊച്ചിയിൽ നിന്ന് 36 ടൺ പഴം, പച്ചക്കറികളുമായി കാർഗോ വിമാനം മടങ്ങി




**കൊച്ചി:** ഗൾഫ് നാടുകളിൽ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കി ലുലുവിന്റെ ചാർട്ടേർഡ് കാർഗോ സർവീസുകൾ. നെടുമ്പാശ്ശേരി വിമാനത്താവളത്തിലെത്തിയ കുവൈത്ത് എയർവെയ്സിന്റെ കാർഗോ വിമാനം 36 ടൺ പഴം പച്ചക്കറികളും വഹിച്ച് കഴിഞ്ഞ ദിവസം രാവിലെ 10.45ന് മടങ്ങി. കഴിഞ്ഞ ദിവസം അബുദാബിയിലേക്ക് ഇത്തിഹാദ് എയർവേയ്സിന്റെ പ്രത്യേക കാർഗോ വിമാനത്തിൽ 80 ടൺ ഭക്ഷ്യോത്പന്നങ്ങൾ യു.എ.ഇയിൽ എത്തിച്ചതിന് പുറമേയാണിത്. ഭക്ഷ്യസുരക്ഷയും വില സ്ഥിരതയും ഉറപ്പാക്കി ലുലു ഹൈപ്പർമാർക്കറ്റുകളിൽ ഭക്ഷ്യോത്പന്നങ്ങൾ എത്തിച്ച് ഭക്ഷ്യ ഭദ്രത ഉറപ്പാക്കുകയാണ് ലുലു മാനേജ്മെന്റും എം.എ യൂസഫലിയും ലക്ഷ്യമിടുന്നത്. അബുദാബി ഉൾപ്പടെയുള്ള ജി.സി.സി രാജ്യങ്ങളിലായി വ്യാപിച്ചു കിടക്കുന്ന ലുലു ഹൈപ്പർമാർക്കറ്റുകളിൽ ഭക്ഷ്യോത്പന്നങ്ങളുടെ ലഭ്യത സുസ്ഥിരമായി ഉറപ്പാക്കുകയാണ് ലക്ഷ്യം. ചാർട്ടേർഡ് വിമാന സർവീസ് പുറമേ നിത്യേനയുള്ള വിമാന സർവീസുകളിലായി ദിനംപ്രതി 5 മുതൽ 6 ടൺ വരെ ഭക്ഷ്യോത്പന്നങ്ങൾ ലുലുവിന്റെ കയറ്റുമതി വിഭാഗമായ ലുലു ഫെയർ എക്സ്പോർട്ട് വഴി കയറ്റി അയക്കുന്നുണ്ട്. വിവിധ ജി.സി.സി രാജ്യങ്ങളിലേക്കായി ഇത്തിഹാദ് എയർ, എയർ അറേബ്യ, സൗദി എയർ, ഫ്ളൈ എമിറേറ്റ്സ്, ഒമാൻ എയർ, എയർ ഇന്ത്യ തുടങ്ങിയ യാത്രാ വിമാനങ്ങളിലായിട്ടാണ് ലുലു ഫെയർ എക്സ്പോർട്ട് ഭക്ഷ്യോത്പന്നങ്ങൾ കയറ്റിയയ്ക്കുന്നത്. കേരളത്തിൽ നിന്നും കൂടുതൽ കാർഗോ വിമാന സർവീസുകളും വരും ദിവസങ്ങളിലും തുടരാനാണ് ലുലു ഗ്രൂപ്പിന്റെ തീരുമാനം. ഡൽഹി, ബംഗ്ലൂരു, മുംബൈ തുടങ്ങിയ വിപണികളിൽ നിന്നും ഭക്ഷ്യോത്പന്നങ്ങൾ ഗൾഫ് മേഖലയിലേക്ക് പ്രത്യേക വിമാനങ്ങളിൽ ലുലു കയറ്റുമതി ചെയ്യുന്നുണ്ട്.

പശ്ചിമേഷ്യൻ രാജ്യങ്ങളിൽ സംഘർഷം കനത്തതോടെ പ്രതിസന്ധിയിലായ കേരളത്തിലെ കയറ്റുമതി മേഖലയിൽ കോടികളുടെ നഷ്ടമാണ് നേരിടേണ്ടി വന്നിരുന്നത്. ലുലു ഗ്രൂപ്പ് ചെയർമാൻ എം.എ യൂസഫലി അടിയന്തിരമായി വിഷയത്തിൽ ഇടപെടുകയും സർക്കാർ സംവിധാനങ്ങളുമായി സംസാരിച്ചു മേഖലയിലെ പ്രതിസന്ധിക്ക് വലിയ പരിഹാരമാണ് കണ്ടെത്തിയത്. വരും ദിവസങ്ങളിൽ കൂടുതൽ സർവീസ് നടത്തി ഗൾഫ് മേഖലയിൽ ഭക്ഷ്യ സുരക്ഷ ഉറപ്പു വരുത്തുമെന്നും എം.എ യൂസഫലി ഉറപ്പ് നൽകിയിരുന്നു. ലുലു ഗ്രൂപ്പിന്റെ ഈ നടപടി കേരളത്തിലെ കയറ്റുമതിക്കാർക്കും വ്യാപാര സംരംഭങ്ങൾക്കും തൊഴിലാളികൾക്കും കൂടുതൽ പുതിയ അവസരങ്ങൾ വർധിപ്പിക്കുന്നതിന് നേട്ടമാകുമെന്ന് വിലയിരുത്തപ്പെടുന്നു.

# ഡിജിറ്റൽ പ്ലാറ്റ്ഫോം അവതരിപ്പിച്ച് മോത്തിലാൽ ഓസ്വാൾ

motilal oswal Wealth Management

**കൊച്ചി:** ബോണ്ടുകളിൽ നിക്ഷേപം നടത്തി സ്ഥിരവരുമാനം ഉറപ്പാക്കുന്നതിന് പുതിയ ഓൺലൈൻ പ്ലാറ്റ്ഫോം അവതരിപ്പിച്ച് മോത്തിലാൽ ഓസ്വാൾ വെൽത്ത് മാനേജ്മെന്റ്. https://bonds.motilaloswal.com എന്ന പോർട്ടൽ വഴി സർക്കാർ സെക്യൂരിറ്റികൾ, പൊതുമേഖലാ ബോണ്ടുകൾ, കോർപ്പറേറ്റ് ബോണ്ടുകൾ എന്നിവയിൽ ഇനി ലളിതമായി നിക്ഷേപം നടത്താം. അനുകൂലമായ സർക്കാർ നയങ്ങളും ബോണ്ട് നിക്ഷേപങ്ങളെക്കുറിച്ച് നിക്ഷേപകർക്കിടയിലുണ്ടായ അവബോധവും ഇന്ത്യയിലെ ബോണ്ട് വിപണിയിൽ ഗുണപരമായ മാറ്റങ്ങളുണ്ടാക്കിയെന്ന് മോത്തിലാൽ ഓസ്വാൾ വെൽത്ത് മാനേജ്മെന്റ് മാനേജിങ് ഡയറക്ടറും ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുമായ അജയ് മേനോൻ പറഞ്ഞു. കയ്യിലുള്ള സമ്പാദ്യം ഉപയോഗപ്പെടുത്തി വിവിധ പദ്ധതികളിൽ നിക്ഷേപിക്കുന്ന പ്രവണത ഇന്ന് ഇന്ത്യൻ കുടുംബങ്ങളിൽ ഏറിവരികയാണ്. ഈ സാഹചര്യം കണക്കിലെടുത്താണ് സാധാരണക്കാരായ നിക്ഷേപകർക്ക് ബോണ്ടുകൾ വാങ്ങുന്നത് എളുപ്പമാക്കാൻ കമ്പനി പുതിയ പ്ലാറ്റ്ഫോം അവതരിപ്പിച്ചത്. ഇത് നിക്ഷേപകർക്ക് സുരക്ഷിതമായും സ്ഥിരതയോടെയും വരുമാനം ഉറപ്പാക്കാൻ സഹായിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

# വൈ51 പ്രൊ 5ജി സ്മാർട്ട്ഫോൺ അവതരിപ്പിച്ച് വിവോ




**കൊച്ചി:** വിവോ ഇന്ത്യയിൽ തന്റെ പുതിയ വൈ51 പ്രൊ 5ജി സ്മാർട്ട്ഫോൺ അവതരിപ്പിച്ചു. 7200എംഎഎച്ച് ശേഷിയുള്ള വലിയ ബാറ്ററിയും 44വാട്ട് വേഗചാർജിംഗ് സംവിധാനവും ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് കമ്പനി അധികൃതർ പറഞ്ഞു.

വീഡിയോ, ഗെയിമിംഗ്, ഇന്റർനെറ്റ് ബ്രൗസിംഗ് തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ദീർഘകാല ഉപയോഗം ഉറപ്പാക്കുന്നതാണ് ഈ സംവിധാനം. ഉപകരണത്തിന് ശക്തി നൽകുന്നത് മീഡിയ ടെക് ഡിമെൻസിറ്റി 7360 ടർബോ പ്രോസസറാണ്. ഫോണിൽ 8ജിബി റാം ലഭ്യമാകുന്നതോടൊപ്പം അധിക എക്സ്റ്റൻഡഡ് റാം സൗകര്യവും നൽകിയിട്ടുണ്ട്.

കൂടാതെ 50 മെഗാപിക്സൽ പ്രധാന ക്യാമറയും 4കെ വീഡിയോ റെക്കോർഡിംഗ് സൗകര്യവും ഈ സ്മാർട്ട്ഫോണിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. വൈ51 പ്രൊ 5ജി സ്മാർട്ട്ഫോണിന്റെ വില 8ജിബി പ്ലസ് 128ജിബി പതിപ്പിന് 24,999യും 8ജിബി പ്ലസ് 256ജിബി പതിപ്പിന് 27,999യുമാണ്. വിവോയുടെ ഔദ്യോഗിക വെബ്സൈറ്റ്, ഫ്ളിപ്പ്കാർട്ട്, കൂടാതെ രാജ്യത്തുടനീളമുള്ള റീട്ടെയിൽ കടകളിൽ ഇത് വിൽപ്പനയ്ക്ക് ലഭ്യമാകുമെന്നും കമ്പനി അധികൃതർ വ്യക്തമാക്കി.

ഒറിജിൻ ഒഎസ് 6 ഓപ്പറേറ്റിംഗ് സംവിധാനത്തിലാണ് ഫോൺ പ്രവർത്തിക്കുന്നത്. ഇതോടൊപ്പം ഗൂഗിൾ ജമിനി അടിസ്ഥാനമാക്കിയ കൃത്രിമ ബുദ്ധി സവിശേഷതകളും ഉൾപ്പെടുത്തിയിട്ടുണ്ട്.

# സൈബർനെറ്റ് വഴി ഇപിഎഫ് പേയ്മെന്റുകൾ ആരംഭിച്ച് സൗത്ത് ഇന്ത്യൻ ബാങ്ക്

**കൊച്ചി:** തങ്ങളുടെ ഇന്റർനെറ്റ് ബാങ്കിംഗ് പ്ലാറ്റ്ഫോമായ സൈബർനെറ്റ് വഴി എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് (ഇപിഎഫ്) പേയ്മെന്റ് സേവനങ്ങൾ ആരംഭിക്കുന്നതായി പ്രഖ്യാപിച്ച് സൗത്ത് ഇന്ത്യൻ ബാങ്ക് (എസ്ഐബി). എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് ഓർഗനൈസേഷനുമായി (ഇപിഎഫ്ഒ) സഹകരിച്ചാണ് പദ്ധതി നടപ്പാക്കുന്നത്. ബാങ്കിന്റെ ഡിജിറ്റൽ ബാങ്കിംഗ് പ്ലാറ്റ്ഫോം വഴി തൊഴിലുടമകൾക്കും സ്ഥാപനങ്ങൾക്കും ഇപിഎഫ് തുക തടസ്സമില്ലാതെ അടയ്ക്കാൻ ഈ സംയോജനം പ്രാപ്തമാക്കും. സൈബർനെറ്റ് വഴി ഇപിഎഫ് പേയ്മെന്റുകൾ ആരംഭിക്കുന്നത് തങ്ങളുടെ ഉപഭോക്താക്കൾക്ക് തടസ്സമില്ലാത്തതും സുരക്ഷിതവുമായ ഡിജിറ്റൽ ബാങ്കിംഗ് സേവനങ്ങൾ നൽകുന്നതിനുള്ള പ്രധാന ചുവടുവയ്പ്പാണെന്ന് സൗത്ത് ഇന്ത്യൻ ബാങ്ക് മാനേജിംഗ് ഡയറക്ടറും സിഇഒയുമായ പി.ആർ ശേഷാദ്രി പറഞ്ഞു. ഇപിഎഫ്ഒയുമായി നേരിട്ടുള്ള സംയോജനം സാധ്യമാക്കുന്നതിലൂടെ, തൊഴിലുടമകൾക്കും ബിസിനസുകൾക്കുമുള്ള നിയമാനുസൃത പണമിടപാടുകൾ ലളിതമാക്കാനും, സേവനങ്ങളിലെ സൗകര്യം എളുപ്പമാക്കുന്നതിനായി ഞങ്ങളുടെ ഡിജിറ്റൽ എക്കോസിസ്റ്റം ശക്തിപ്പെടുത്താനുമാണ് ഞങ്ങൾ ലക്ഷ്യമിടുന്നതെന്ന് അദ്ദേഹം കൂട്ടിച്ചേർത്തു.

# വായ്പ മേഖല വളരുന്നതായി പുതിയ എക്സ്പീരിയൻ റിപ്പോർട്ട്


**കൊച്ചി:** ഇന്ത്യയുടെ വായ്പാ മേഖല കരുത്താർജിക്കുന്നതായി പ്രമുഖ ക്രെഡിറ്റ് ഇൻഫർമേഷൻ കമ്പനിയായ എക്സ്പീരിയന്റെ ഏറ്റവും പുതിയ റിപ്പോർട്ട്. വ്യക്തിഗത ബിസിനസ് വായ്പകൾക്കുള്ള ആവശ്യകത വർധിച്ചതും, ഉപഭോക്താക്കൾ തിരിച്ചടവിൽ പുലർത്തുന്ന കൃത്യതയുമാണ് ഈ മുന്നേറ്റത്തിന് പിന്നിലെ പ്രധാന ഘടകങ്ങളെന്ന് റിപ്പോർട്ട് പറയുന്നു. 2025 ഡിസംബർ വരെയുള്ള കണക്കുകൾ പ്രകാരം ഇന്ത്യയിലെ മൊത്തം വായ്പ മുൻവർഷത്തെ അപേക്ഷിച്ച് 17 ശതമാനം വർധിച്ച് ഏകദേശം 130 ലക്ഷം കോടി രൂപയിലെത്തി. 2025-26 സാമ്പത്തിക വർഷത്തിന്റെ മൂന്നാം പാദത്തിൽ മാത്രം രാജ്യത്ത് വിതരണം ചെയ്തത് 20 ലക്ഷം കോടി രൂപയുടെ പുതിയ വായ്പകളാണ്. വായ്പാ രംഗത്തെ പുത്തൻ ട്രെൻഡുകളിൽ മുൻപന്തിയിലുള്ളത് പണയ വായ്പകൾക്ക് ലഭിക്കുന്ന സ്വീകാര്യതയാണ്. പുതിയ വായ്പകളിൽ പണയ വായ്പകളുടെ വിഹിതം 34 ശതമാനമായി ഉയർന്നതും ശ്രദ്ധേയമാണ്. വായ്പാ തിരിച്ചടവിൽ വരുത്തുന്ന വീഴ്ചകളിൽ കാര്യമായ കുറവുണ്ടായതായി റിപ്പോർട്ട് ചൂണ്ടിക്കാട്ടുന്നു. അടിയന്തര ആവശ്യങ്ങൾക്കായി വേഗത്തിലും എളുപ്പത്തിലും പണം ലഭ്യമാകുമെന്നതിനാൽ സ്വർണ്ണപ്പണയ വായ്പകൾക്ക് ആവശ്യക്കാരേറുന്നു. എന്നാൽ ക്രെഡിറ്റ് കാർഡ് അപേക്ഷകളിൽ ചെറിയ കുറവുായിട്ടുണ്ട്. സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി ആളുകൾ ക്രെഡിറ്റ് കാർഡുകൾ അങ്ങേയറ്റം സൂക്ഷ്മതയോടെ ഉപയോഗിച്ചു തുടങ്ങിയതാണ് ഇതിന് കാരണം.

# ടിവിഎസ് ഓർബിറ്റർ വി വൺ പുറത്തിറക്കി



**കൊച്ചി:** ഇരുചക്രമുച്ചക്ര വാഹന മേഖലയിലെ ആഗോള മുൻനിരക്കാരായ ടിവിഎസ് മോട്ടോർ കമ്പനി (ടിവിഎസ്എം) തങ്ങളുടെ ഇലക്ട്രിക് വാഹന ശ്രേണിയിലെ ഏറ്റവും കുറഞ്ഞ നിരക്കിലുള്ള സ്കൂട്ടറായ ടിവിഎസ് ഓർബിറ്റർ വി വൺ (1.8 കെഡബ്ല്യുഎച്ച്) പുറത്തിറക്കിക്കൊണ്ട് ഇവി വിപണിയിൽ തങ്ങളുടെ സാന്നിധ്യം ശക്തമാക്കി. ഉപഭോക്താക്കൾക്ക് പുതിയതും ലളിതവുമായ രീതിയിൽ സ്വന്തമാക്കാവുന്ന തരത്തിൽ തങ്ങളുടെ ഇലക്ട്രിക് വാഹനങ്ങൾക്കായി ബാറ്ററി ആസ്എ സർവീസ് (ബാസ്) മോഡലും കമ്പനി അവതരിപ്പിച്ചു. ടിവിഎസ് ഓർബിറ്റർ വി വണ്ണിന്റെയും, ബാറ്ററി ആസ് എ സർവീസ് പദ്ധതിയുടെ അവതരണത്തോടെ ടിവിഎസ് മോട്ടോറിന്റെ ഇലക്ട്രിക് സ്കൂട്ടർ ശ്രേണി ഇനി പിഎം ഡ്രൈവ് ഉൾപ്പെടെ 49,999 രൂപ ഡൽഹി എക്സ്ഷോറൂം പ്രാരംഭ വിലയിൽ ലഭ്യമാവും. ബാസ് മോഡൽ വാഹനത്തിന്റെ പ്രാരംഭ വില കുറയ്ക്കുന്നതിനൊപ്പം, ബാറ്ററിക്ക് ദീർഘകാല ഉറപ്പും ഉപഭോക്താക്കൾക്ക് മനഃസമാധാനവും ഇതിലൂടെ ലഭിക്കും. ബാസ് പ്ലാൻ ഇല്ലാതെ പുതിയ മോഡൽ വാങ്ങാൻ ആഗ്രഹിക്കുന്നവർക്ക് പിഎം ഇ ഡ്രൈവ് ഉൾപ്പെടെ 84,500 രൂപ ഡൽഹി എക്സ്ഷോറൂം വിലയിൽ ടിവിഎസ് ഓർബിറ്റർ വി വൺ സ്വന്തമാക്കാനാവും.

# ‘ഗ്രാഫിൻ 2026’സമാപിച്ചു: മെഡിക്കൽ സാങ്കേതികവിദ്യയിൽ ഗ്രാഫീൻ നിർണ്ണായകമാകും




**കൊച്ചി:** അതി സൂക്ഷ്മമമായ ഗ്രാഫീൻ സെൻസറുകൾ ഉപയോഗിച്ച് വളരെ ചെറിയ അളവിലുള്ള രോഗ സൂചനകൾ പോലും കണ്ടെത്താൻ കഴിയുമെന്ന് ശാസ്ത്രജ്ഞർ. കൊച്ചിയിൽ നടന്ന അന്താരാഷ്ട്ര ഗ്രാഫീൻ സമ്മേളനമായ ‘ഗ്രാഫിൻ 2026’ന്റെ സമാപന ദിവസമാണ് ഈ ശാസ്ത്ര നേട്ടങ്ങൾ അവതരിപ്പിച്ചത്. ബംഗളൂരുവിലെ സെന്റർ ഫോർ നാനോ ആൻഡ് സോഫ്റ്റ് മാറ്റർ സയൻസസിലെ രോഹിത് ഠാക്കൂർ ഗ്രാഫീൻ ട്രാൻസിസ്റ്ററുകൾ ഉപയോഗിച്ച പുതിയ സെൻസർ സാങ്കേതിക വിദ്യയെക്കുറിച്ച് വിശദീകരിച്ചു. വളരെ കുറഞ്ഞ അളവിലുള്ള ജൈവ സൂചനകൾ കണ്ടെത്താൻ കഴിയുന്ന ഇമ്മ്യൂണോസെൻസിംഗ് സംവിധാനങ്ങളാണ് ഇവ. ചെറിയ ജൈവ സാമ്പിളുകളിൽ നിന്നുതന്നെ രോഗങ്ങൾ തിരിച്ചറിയാൻ കഴിയുന്ന പോർട്ടബിൾ പരിശോധന ഉപകരണങ്ങൾ വികസിപ്പിക്കാൻ ഇതിലൂടെ സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു.

ഷിയർ മിക്സിംഗ്, സ്പ്രേ പ്രിന്റിംഗ് പോലുള്ള രീതികളിലൂടെ ഗ്രാഫീൻ ട്രാൻസിസ്റ്ററുകൾ നിർമ്മിക്കാൻ കഴിയുന്നതിനാൽ ചെലവ് കുറയ്ക്കാൻ സാധിക്കുമെന്ന് അദ്ദേഹം പറഞ്ഞു. മെഷീൻ ലേണിംഗ് ഉപയോഗിച്ച് മസ്തിഷ്ക പരിക്കുമായി ബന്ധപ്പെട്ട ജൈവ സൂചനകൾ ഉയർന്ന കൃത്യതയോടെ കണ്ടെത്താനും ഇവയ്ക്ക് കഴിഞ്ഞതായി ഗവേഷകർ പറഞ്ഞു. ഐ.ഐ.ടി ഖരഗ്പൂരിലെ ടൈറ്റഷ് മൊണ്ടാൽ ഗ്രാഫീൻ ഉപയോഗിച്ച റബർ നാനോ സംയുക്തങ്ങളിൽ നിന്ന് നിർമ്മിച്ച പുതിയ സെൻസറുകളെക്കുറിച്ചുള്ള പഠനം അവതരിപ്പിച്ചു. ഉയർന്ന വഴക്കവും വൈദ്യുത ചാലകശേഷിയും ഒരുമിപ്പിക്കുന്ന ഈ വസ്തുക്കൾ ഉപയോഗിച്ച് വളരെ സൂക്ഷ്മമമായ സമ്മർദ്ദവും താപനിലയും അളക്കാൻ കഴിയുന്ന സെൻസറുകൾ വികസിപ്പിക്കാനാകുമെന്ന് അദ്ദേഹം പറഞ്ഞു. ഗ്രാഫീൻ-റബർ സംയുക്തങ്ങൾ ഉപയോഗിച്ച് സ്വയം പ്രർത്തിക്കുന്ന സംവിധാനങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. ശരീര ചലനത്തിൽ നിന്നുള്ള ഊർജം വൈദ്യുതിയാക്കി മാറ്റുന്ന ഈ സാങ്കേതികവിദ്യ ആരോഗ്യനില നിരീക്ഷിക്കുന്ന ധരിക്കാവുന്ന ഉപകരണങ്ങൾ വികസിപ്പിക്കാൻ ഏറെ സഹായിക്കും, അദ്ദേഹം പറഞ്ഞു. ഇന്ത്യയിലെ ധാതു വിഭവങ്ങൾ ഉപയോഗിച്ച് ഗ്രാഫീൻ നിർമ്മിക്കുന്ന സാങ്കേതികവിദ്യകളെക്കുറിച്ചും സമ്മേളനത്തിൽ ചർച്ചയായി. തിരുവനന്തപുരത്തെ സി.എസ്.ഐ.ആർ-എൻ.ഐ.ഐ.എസ്.ടി യിലെ ജയശങ്കർ കാളിദോസ് ഗ്രാഫൈറ്റ് ധാതുവിൽ നിന്ന് ഗ്രാഫീൻ നിർമ്മിക്കുന്ന പുതിയ പ്രക്രിയ അവതരിപ്പിച്ചു. ഇലക്ട്രോണിക്സ്, സെൻസറുകൾ, ഊർജ സാങ്കേതികവിദ്യകൾ എന്നിവയ്ക്കായി ഗ്രാഫീൻ അടിസ്ഥാന വസ്തുക്കൾ ആഭ്യന്തരമായി നിർമ്മിക്കാൻ ഇത് സഹായിക്കുമെന്ന് അദ്ദേഹം പറഞ്ഞു. എംക്സീൻ അടിസ്ഥാന വസ്തുക്കളുടെ ഉയർന്ന താപനില പ്രയോഗങ്ങളെക്കുറിച്ച് ഐ.ഐ.ടി മദ്രാസിലെ ബി. എസ് നിതിൻ ചന്ദ്രനും, ജ്യൂട്ട് നാരുകളും നാനോ വസ്തുക്കളും അടങ്ങിയ സംയുക്ത വസ്തുക്കളുടെ ഗവേഷണത്തെക്കുറിച്ച് കൊച്ചി സർവകലാശാലയിലെ എം.ബി. സന്തോഷ് കുമാറും ശാസ്ത്ര സെഷനുകൾ നയിച്ചു. സിമെറ്റ് തൃശൂരിലെ രമേഷ് എ നവജാത ശിശു പരിചരണ യൂണിറ്റുകൾക്കായി വികസിപ്പിച്ച ഗ്രാഫീൻ അടിസ്ഥാന ഹീറ്റിംഗ് പാഡിനെക്കുറിച്ച് വിശദീകരിച്ചു. മാഞ്ചസ്റ്റർ സർവകലാശാലയിലെ പ്രൊഫ. അരവിന്ദ് വിജയരാഘവൻ, സിമെറ്റ് ഡയറക്ടർ ജനറൽ ഡോ. ആർ. രതീഷ്, സിമെറ്റ് തൃശൂർ സെൻസേഴ്സ് ആൻഡ് എനർജി മെറ്റീരിയൽസ് ഗ്രൂപ്പ് ഹെഡ് ഡോ. എ. സീമ എന്നിവർ സമാപന സമ്മേളനത്തിൽ സംസാരിച്ചു.

## സംരംഭകരെ സർക്കാരുകൾ നോക്കിക്കാണുന്ന രീതിയിൽ മാറ്റം അനിവാര്യം




**കൊച്ചി:** സെന്റർ ഫോർ പബ്ലിക് പോളിസി റിസർച്ച് , ടൈ കേരള, കേരള സ്റ്റാർട്ടപ്പ് മിഷൻ എന്നിവയുടെ ആഭിമുഖ്യത്തിൽ ‘കേരളത്തിലെ ബിസിനസ് നിയമങ്ങളുടെ ഡീക്രിമിനലൈസേഷൻ’ എന്ന വിഷയത്തിൽ നയരൂപീകരണ ചർച്ച സംഘടിപ്പിച്ചു. കളമശ്ശേരിയിലെ കേരള സ്റ്റാർട്ടപ്പ് മിഷനിൽ നടന്ന ചടങ്ങിൽ മുൻ ഭരണകർത്താക്കളും നിയമവിദഗ്ധരും വ്യവസായ പ്രമുഖരും പങ്കെടുത്തു. ബിസിനസ് നിയന്ത്രണങ്ങളിൽ ശിക്ഷാനടപടികൾക്ക് പകരം വിശ്വാസത്തിലധിഷ്ഠിതമായ ഭരണരീതിയിലേക്ക് മാറണമെന്ന് ചർച്ചയിൽ ആവശ്യം ഉയർന്നു.

ചെറുകിട ബിസിനസ് നടത്തിപ്പിലെ നിസാരമായ വീഴ്ചകൾക്ക് പോലും നിലവിൽ തടവുശിക്ഷ ഉൾപ്പെടെയുള്ള ക്രിമിനൽ നടപടികൾ നേരിടേണ്ടി വരുന്നത് സംരംഭകരെ പിന്നോട്ടടിക്കുന്നുവെന്ന് വിദഗ്ധർ അഭിപ്രായപ്പെട്ടു. ഇത്തരം നിയമങ്ങൾ നിക്ഷേപങ്ങളെ തടയുകയും സ്റ്റാർട്ടപ്പുകളുടെയും എം.എസ്.എം.ഇകളുടെയും വളർച്ചയെ പ്രതികൂലമായി ബാധിക്കുകയും ചെയ്യുന്നു. സംരംഭകരെ സർക്കാരുകൾ നോക്കിക്കാണുന്ന രീതിയിൽ ഒരു മാതൃകാപരമായ മാറ്റം വരണമെന്ന് മുൻ കേന്ദ്ര ഭക്ഷ്യകൃഷി വകുപ്പ് സെക്രട്ടറി ടി. നന്ദകുമാർ പറഞ്ഞു. നിലവിലുള്ള നിയമങ്ങൾ പരിശോധിച്ചാൽ ബ്യൂറോക്രസിക്കിടയിൽ വലിയതോതിലുള്ള ’റെഗുലേറ്ററി കൊളസ്ട്രോൾ’ നിലനിൽക്കുന്നതായി കാണാം. ഇത് രാഷ്ട്രീയമായ ഒരു പ്രശ്നമല്ല. നിസാരമായ നിയമലംഘനങ്ങൾക്ക് ക്രിമിനൽ നടപടികൾക്ക് പകരം ആനുപാതികമായ സാമ്പത്തിക പിഴകൾ ചുമത്തുന്ന രീതിയിലേക്ക് മാറണമെന്ന് അദ്ദേഹം നിർദ്ദേശിച്ചു.

കേരളത്തിൽ നിലവിലുള്ള പതിനാറോളം ക്ഷേമനിധി ബോർഡുകളുടെ പ്രവർത്തനക്ഷമത പരിശോധിക്കേണ്ടതുണ്ട്. സമാന സ്വഭാവമുള്ള ബോർഡുകളെ ഏകോപിപ്പിക്കുന്നത് ഭരണപരമായ ചിലവുകൾ കുറയ്ക്കാനും തൊഴിലാളികൾക്ക് കൂടുതൽ ഗുണകരമായ രീതിയിൽ ഫണ്ടുകൾ വിനിയോഗിക്കാനും സഹായിക്കുമെന്ന് മുൻ യു.എൻ ഇന്ത്യൻ സിവിൽ സർവീസ് ഉദ്യോഗസ്ഥനും, മുൻ അഡീഷണൽ ചീഫ് സെക്രട്ടറിയുമായ എം.പി. ജോസഫ് അഭിപ്രായപ്പെട്ടു. സി.പി.പി.ആർ ചെയർമാൻ ഡോ. ഡി. ധനുരാജ് ചർച്ച നിയന്ത്രിച്ചു. സി.പി.പി.ആർ തയ്യാറാക്കിയ ‘ഡീക്രിമിനലൈസേഷൻ ഫോർ ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് ഇൻ കേരള’ എന്ന പഠന റിപ്പോർട്ട് സി.പി.പി.ആർ സീനിയർ അസോസിയേറ്റ് അഡ്വ. അനു മരിയ ഫ്രാൻസിസ് അവതരിപ്പിച്ചു. സംസ്ഥാന നിയമങ്ങളിൽ അടിയന്തര പുനഃപരിശോധന വേണമെന്ന് പഠനം നിർദ്ദേശിക്കുന്നു.

